## റോഡ് സുരക്ഷാ അതോറിറ്റികൾ എവിടെ ?

അഡ്വ. ഷെറി. ജെ. തോമസ്

തല കുമ്പിട്ട് നടന്നാൽ എതിരെ വരുന്നവരെ കൂട്ടിയിടിക്കും. തല ഉയർത്തി നടന്നാൽ പൊട്ടിത്തകർന്ന സ്ലബിനടിയിലൂടെ താഴെ കാനയിലെത്തും. കൊച്ചി മെട്രോ നഗരത്തിൽ, കേരള ഹൈക്കോടതിയിൽ നിന്നും കഷ്ടിച്ച് 100 മീറ്റർ മാത്രം അകലത്തിൽ, വരാപ്പുഴ അതിമെത്രാസ മന്ദിരത്തിനു തൊട്ടു വടക്കുവശം കൂടിയുള്ള, ജീവനാദം ഓഫീസിനു മുന്നിലുള്ള ബാനർജി റോഡ് ഫുട് പാത്തിന്റെ അവസ്ഥയാണിത്. പുതിയ നഗരസഭയും ചെറുപ്പക്കാരനായ മേയറും വന്നപ്പോൾ ആദ്യം തന്നെ ബാനർജി റോഡ് നല്ല രീതിയിൽ ടാർ ചെയ്തു; പക്ഷെ കേബിൾ ഇടാനെന്ന പേരിൽ റോഡിനു ഇരുവശവും അഞ്ച് അടി വീതിയിൽ കുഴിച്ച് മറ്റൊരു വകുപ്പ് ശകുനം മുടക്കിയായി. കൂനിൻമേൽ കുരുവെന്ന പോലെ വീതികുറഞ്ഞ റോഡിനു നടുക്ക് നല്ല വീതിയിൽ മീഡിയനും പണിതു. റോഡിനിരുവശവും പാർക്കിംഗ് കൂടിയായപ്പോൾ എല്ലാം പൂർത്തിയായി. പൊടിപടലങ്ങൾ കാരണം കണ്ണും മൂക്കും പൊത്താതെ ഈ വഴി നടക്കാനാകാതായി. എറണാകുളം ജില്ലയിലെ സുപ്രധാനമായ റോഡാണിത്.

ഇത് എറണാകുളത്തെ മാത്രം അവസ്ഥയായിരിക്കണമെന്നില്ല; കേരളത്തിൽ പലയിടത്തും തകർന്ന നടപ്പാതകളും കേബിൾ കുഴികളും ഇരകളെ കാത്തിരിക്കുന്നു. അപകടങ്ങൾ കൂടിവരുന്നതിനാൽ ക്ളയിം അധികമായി നൽകേണ്ടിവരുന്നവെന്ന പേരിൽ ഇൻഷുറൻസ് കമ്പനികൾ വൻ തോതിൽ ഇൻഷുറൻസ് പ്രീമിയം കൂട്ടുന്നു. എന്നാൽ അപടകടങ്ങൾക്ക് കാരണമാകുന്ന റോഡുകളുടെ അപായാവസ്ഥ മാറ്റി സുരക്ഷിതമാക്കുന്നതിന്, പൊതു നിരത്തുകൾ പരിപാലിക്കുന്നതിന് നിലവിലുള്ള എല്ലാ നിയമങ്ങളും സംവിധാനങ്ങളും നിലനിൽക്കെയാണ് കേരള സർക്കാർ 2007 ൽ പുതിയ നിയമനിർമ്മാണം നടത്തിയത്. കേരള റോഡ് സുരക്ഷാ അതോറിറ്റി എന്ന പേരിൽ കൂടുതൽ ഫലപ്രദമായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും റോഡ് സുരക്ഷാ അതോറിറ്റികൾ രൂപീകരിക്കാൻ പുതിയ നിയമത്തിൽ വ്യവസ്ഥ വന്നു. ഇത്തരം സമിതികളെപ്പറ്റി പൊതുജനത്തിന് കാര്യമായ അറിവില്ലെങ്കിലും, ഇരുചക്രവാഹനങ്ങളുടെയുൾപ്പെടെയുള്ള സെസ്സ് പിരിവ് ഈ നിയമത്തിന്റെ പേരിൽ കാര്യമായിത്തന്നെ നടക്കുന്നുണ്ട്.

**കേരള റോഡ് സുരക്ഷ അതോറിറ്റി എന്തിന് ?**

2007 ലാണ് ഈ നിയമം നിലവിൽ വന്നത്. [The Kerala Road Safety Authority Act 2007] റോഡ് സുരക്ഷ പദ്ധതികൾ നടപ്പാക്കുന്നതിനും റോഡ് സുരക്ഷാഫണ്ട് രൂപീകരിക്കുന്നതിനുമാണ് ഈ നിയമം വന്നത്. മോട്ടോർ വാഹനം പൊതുനിരത്തിൽ ഉപയോഗിക്കുന്നതുമൂലം ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങളും ഈ നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പൊതുജനത്തിന് സഞ്ചാരസ്വാതന്ത്ര്യമുള്ള സ്വകാര്യ റോഡുകളും ഇതിൽ ഉൾപ്പെടും. ഗതാഗതമന്ത്രി ചെയർമാനായ സംസ്ഥാന സുരക്ഷാ സമിതിയിൽ, ആഭ്യന്തരവകുപ്പ്, പൊതുമരാമത്തുവകുപ്പ്, ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടുന്നു.

ജില്ലാതലത്തിലുള്ള സമിതിയിൽ ചെയർമാൻ ജില്ലാ കളക്ടറായിരിക്കും. ജില്ലാ പോലീസ് സൂപ്രണ്ട്, റോഡ്സ് & ബ്രിഡ്ജ്സ് എക്സിക്യൂട്ടീവ് എൻജിനീയർ, ദേശീയപാത എക്സിക്യൂട്ടീവ് എൻജിനീയർ, ആർ.ടി.ഒ., ഗതാഗതസംബന്ധിയായ കാര്യങ്ങളിൽ വൈദഗ്ദ്യമുള്ള ഒരാൾ എന്നിവർ ഉൾപ്പെടും. സമിതിയുടെ യോഗം 6 മാസത്തിലൊരിക്കൽ ചേർന്ന് ഈ നിയമപ്രകാരം ചെയ്യേണ്ടതായ കാര്യങ്ങളുടെ നടത്തിപ്പും മേൽനോട്ടവും ക്രമീകരിക്കണം.

**റോഡ് സുരക്ഷാ ഫണ്ട്**

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് വായ്പയായും ഗ്രാന്റായുമൊക്കെ പ്രവർത്തനത്തിനാസ്പദമായ ഫണ്ട് സമാഹരിക്കണം. മറ്റ് സന്നദ്ധവിഭാഗങ്ങളിൽ നിന്നും സംഭാവനകളായി ഫണ്ട് സ്വരൂപിക്കാം. റോഡ് സുരക്ഷാ നിയമത്തിന്റെ ലംഘനം മൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾക്ക് ശിക്ഷയായി പിഴയടക്കുന്ന തുകയും ഈ ഫണ്ടിലേക്ക് വകയിരുത്താം. ഇതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലോ മറ്റേതെങ്കിലും ശേസാൽകൃത ബാങ്കുകളിലോ

സുരക്ഷാ സമിതിയുടെ പേരിൽ എക്കൗണ്ട് തുടങ്ങണം.

**റോഡ് സുരക്ഷാ ഫണ്ട് എങ്ങനെ വിനിയോഗിക്കണം ?**

റോഡ് ഉപയോഗിക്കുന്നവർക്കുള്ള സുരക്ഷാ പദ്ധതികൾ, സുരക്ഷയ്ക്കായുള്ള ബോധവൽക്കരണ പരിപാടികൾ, റോഡ് സുരക്ഷാ സംവിധാനങ്ങൾ വാങ്ങുക, സുരക്ഷാ പഠനങ്ങൾ നടത്തുക, അപകടങ്ങളിൽ അബോധാവസ്ഥയിലാകുന്ന രോഗികളുടെ പരിചരണത്തിനായി പ്രത്യേക ഫണ്ട് രൂപീകരിക്കുക എന്നീ കാര്യങ്ങൾക്കായാണ് ഫണ്ട് ഉപയോഗിക്കേണ്ടത്.

**എന്തൊക്കെ പരാതികളിൽ നടപടിയെടക്കാം ?**

പൊതുസ്ഥലത്ത് ഏതെങ്കിലും വാഹനമോ മൃഗങ്ങളോ മറ്റ് വസ്തുക്കളോ അനുമതിയില്ലാതെ നിലകൊള്ളുകയൊ മറ്റൊ ഉണ്ടായാൽ നടപടിയെടുക്കാൻ ഈ സമിതിക്ക് അധികാരമുണ്ട്. ഇത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൻമേലോ, മറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലോ അതോറിറ്റിക്ക് നടപടിയെടുക്കാം. റോഡിൽ അനധികൃതമായി ബാനറുകൾ സ്ഥാപിക്കുക, ഹോർഡിംഗുകൾ, പന്തലുകൾ എന്നിവയ്ക്കെതിരെയും നടപടിയെടുക്കാവുന്നതാണ്. റോഡുപയോഗിക്കുന്നവർക്ക് അപകടമുണ്ടാക്കാൻ സാധ്യതയുള്ള മരങ്ങൾ, കെട്ടിടങ്ങൾ, ഗതാഗത-കാഴ്ചയ്ക്ക് തടസ്സമുണ്ടാക്കുന്ന മറ്റ് വസ്തുക്കൾ എന്നിവയ്ക്കെതിരെയെല്ലാം നടപടിയെടുക്കാം. പരാതി ലഭിച്ചാൽ രണ്ട് മാസത്തിനുള്ള നടപടിയെടുക്കണം.

**അറ്റകുറ്റപ്പണികൾ നടത്താനും ഉത്തരവിടാം.**

പൊതു നിരത്തുകളുടെ നന്മയ്ക്കായി ഏതെങ്കിലും തരത്തിലുള്ള നിർമ്മാണങ്ങളോ അറ്റകുറ്റപ്പണികളോ നടത്താൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകാൻ അതോറിറ്റിക്ക് അധികാരമുണ്ട്. അങ്ങനെ നിർദ്ദേശം ലഭിക്കുന്ന വകുപ്പുകൾ സമയബന്ധിതമായി ആ ജോലി ചെയ്തു തീർക്കാനും ബാധ്യസ്ഥരാണ്. ഹൈവേ ആയി പ്രഖ്യാപിച്ചിട്ടുള്ള റോഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളിലും അതത് വകുപ്പധികാരികളുമായി മുൻകൂട്ടി ചർച്ച ചെയ്തതിനു ശേഷവും ഉത്തരവുകൾ ഇറക്കാവുന്നതാണ്.

**ഉത്തരവ് പാലിച്ചില്ലെങ്കിൽ ശിക്ഷാ നടപടികൾ**

സുരക്ഷാ അതോറിറ്റിയുടെയോ റോഡ് സേഫ്റ്റി കമ്മീഷണറുടെയോ ഉത്തരവ് നിരസിക്കുകയോ നടപ്പാക്കാതിരിക്കുകയോ ചെയ്താൽ അത് ശിക്ഷാർഹമാണ്. 6 മാസം വരെ തടവോ 5000 രൂപ വരെ പിഴയോ ഈടാക്കാം. ഉത്തരവിനു ശേഷവും തുടർന്നുകൊണ്ടിരിക്കുന്ന ലംഘനമാണെങ്കിൽ ദിവസംപ്രതി 1000 രൂപ പിഴയും ഈടാക്കാം. തങ്ങളുടെ അധികാരം വിനിയോഗിക്കുന്നതിൽ നിന്ന് ആരെങ്കിലും അതോറിറ്റയോ കമ്മീഷറെയോ തടസപ്പെടുത്തിയാൽ, അത് ക്രിമിനൽ കുറ്റമായി കണക്കാക്കി 3 വർഷം വരെ തടവും പിഴയും ലഭിക്കാം.

**പൊതുജനത്തിന് എന്തു ചെയ്യാനാകും**

പൊതു നിരത്തിലുള്ള എന്തെങ്കിലും തടസ്സങ്ങളോ പ്രത്യേക അവസ്ഥയോ അപകടങ്ങൾ ഉണ്ടാക്കാൻ സാധ്യതയുണ്ടെന്ന് പരാതി ലഭിച്ചാലും നടപടിയെടക്കാൻ റോഡ് സുരക്ഷാ അതോറിറ്റിക്ക് അധികാരമുണ്ട്. പൊതുനിരത്ത് എന്നതിൽ, നടപ്പാത (ഫുട്പാത്ത്), മീഡിയൻ, ട്രാഫിക് ഐലന്റുകൾ, പൊതുജനത്തിന് പ്രവേശനമുള്ള സ്വകാര്യ റോഡുകൾ എന്നിവ ഉൾപ്പെടും. അപകടങ്ങൾക്ക് കാരണമാകുന്ന കുഴികൾ, വഴിയരികിലെ ഹോർഡിംഗുകൾ, കെട്ടിടങ്ങൾ മുതലായവയെല്ലാം ഇതിന്റെ പരിധിയിൽ വരും. അതുകൊണ്ടു തന്നെ ഓരോ പൗരനും ഇത്തരം നിയമലംഘനത്തിനെതിരെ പരാതി നൽകാം. പരാതികളിൻമേൽ 2 മാസത്തിനുള്ളിൽ ഉത്തരവുണ്ടാകും; ഉണ്ടാകണം. അതുകൊണ്ട് ഇനി വൈകേണ്ട താറുമാറായ റോഡുകൾ കാണുമ്പോൾ, തകർന്നടിഞ്ഞ നടപ്പാത കാണുമ്പോൾ, അപായസൂചന നൽകുന്ന എന്തുതന്നെ പൊതു നിരത്തിൽ കണ്ടാലും പരാതി നൽകാൻ ധാർമ്മിക ബോധം ഉണരട്ടെ. റോഡ് സുരക്ഷാ അതോറിറ്റി നിയമം നാലാൾ അറിയട്ടെ.